## 925

1 ക്രിസ്തുമൂലം ദൈവരാജ്യം ലോകത്തിൽ പ്രത്യക്ഷമായ്
വിശ്വസിക്കത്തക്ക വാക്യം ഇതു സർവ്വമർത്യർക്കായ്

ദൈവരാജ്യം സമാധാനം സന്തോഷമതു നീതിയും ശുദ്ധിയും
പുത്രൻമൂലം സൗജന്യദാനം താഴ്മയുള്ളെല്ലാവർക്കും

2 സാത്താൻ രാജൻ സേവയിങ്കൽ ഇല്ലയൊരു ലാഭവും
ആത്മനഷ്ടം ഇഹത്തിങ്കൽ പിന്നെ നിത്യശാപവും-

3 ആദാം മൂലം വന്ന ശാപം പുത്രൻമൂലം തീർന്നെല്ലാം
സർപ്പം ലോകം ജഡം പാപം ഇവയെല്ലാം ജയിക്കാം-

4 പാപശക്തി അഴിഞ്ഞിടും പുത്രൻ രക്തശക്തിയാൽ
ഉള്ളമെല്ലാം നിറഞ്ഞിടും ദൈവാത്മാവിൻ സ്നേഹത്താൽ-

5 രാജ്യക്കാരിൻ ഗുരുനാഥൻ അതു ദൈവാത്മാവു താൻ
യേശുവിലെ ജീവപാത ഏവനും കണ്ടറിവാൻ-

6 സത്യപ്രജകളെല്ലാരും രാജകീയ കുലമാം
ദൈവസന്നിധിയിൽ വാഴും ഇവർക്കേ പൗരോഹിത്യം-

7 തുറന്നിരിക്കുന്നു സ്വർഗ്ഗം താതനോടും അടുക്കാം
ദൈവദൂതൻമാരിൻ വർഗ്ഗം സേവയ്ക്കായൊരുക്കമാം-

8 നിത്യജീവൻ ഇഹത്തിങ്കൽ ദേഹിക്കനുഭവമാം
ദേഹം കർത്തൻ വരവിങ്കൽ പ്രാപിക്കും രൂപാന്തരം-

9 ദൈവമേ! നിൻ സ്വർഗ്ഗരാജ്യം വന്നതാലെ വന്ദനം
നിന്റെ ജനത്തിൻ സൗഭാഗ്യം പറഞ്ഞു തീരാത്തതാം-

V.N.